ലേഖനം

○

ഹമീദ് വാണിമേൽ

# ദിശ തെറ്റുന്ന സമുദായ നേതൃത്വം

**എൺപത്** ലക്ഷത്തിലധികം മുസ്‌ലിംകൾ അധിവസിക്കുന്ന കേരളത്തിൽ ലോകത്ത് ഒരിടത്തും നടക്കാത്ത ഇസ്‌ലാമിക പ്രവർത്തനങ്ങളുടെ നിറസാന്നിധ്യമാണുള്ളത്. പള്ളിയും പള്ളിക്കൂടവും മാത്രമല്ല, ഗ്രാമ-നഗരങ്ങളെല്ലാം ഇസ്‌ലാമിക ശബ്ദങ്ങളാൽ മുഖരിതം. മത-സാംസ്‌കാരിക സംഘടനകളും പോഷക ഘടകങ്ങളുമടക്കം മൂന്ന് ഡസനിലധികം സംഘടനകൾ രാവും പകലും തെരുവിൽ ഒച്ചവെച്ചു നടക്കുന്നു. നോക്കുന്നേടത്തെല്ലാം ബഹുവർണ പോസ്റ്ററുകൾ, ഫ്ളക്സ് ബോർഡുകൾ, കമാനങ്ങൾ...... ഏതെങ്കിലും ഒരു സംഘടനയുടെ കാമ്പയിൻ നടക്കാത്ത ഒരു മാസവും നമ്മെ കടന്നുപോകുന്നില്ല. ദിനപത്രങ്ങളടക്കം മുപ്പതിലധികം ആനുകാലികങ്ങളും വിപുലമായ പ്രസിദ്ധീകരണാലയങ്ങളും. കാൽ ലക്ഷത്തിലധികം മദ്റസകളും ഒട്ടേറെ പള്ളികളും മഹല്ലുകളും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും ജനസേവന സംരംഭങ്ങളും വേറെയും. പ്രഭാഷണങ്ങൾ, സെമിനാറുകൾ, ബ്രോഷറുകൾ തുടങ്ങി വിശ്വാസികളുടെ കണ്ണും കാതും ആകർഷിക്കുന്ന വൈവിധ്യമാർന്ന നിരന്തര പരിപാടികൾ. ഈ സംരംഭങ്ങൾക്കെല്ലാം സമുദായത്തിൽനിന്ന് സമാഹരിച്ച് വിനിയോഗിക്കുന്ന സമ്പത്തിന്റെയും മനുഷ്യ ശേഷിയുടെയും ഒരു കണക്കെടുപ്പു പോലും സാധ്യമാവാതെ വന്നിരിക്കുന്നു.

മുസ്‌ലിം സമുദായത്തിലെ സംഘടനകളെ അലട്ടുന്നത്, സാംസ്‌കാരിക ജീർണതകളോ സമുദായത്തിന്റെ അരക്ഷിതാവസ്ഥയോ സാമൂഹിക പിന്നാക്കാവസ്ഥയോ ഒന്നുമല്ല. തങ്ങളുടെ കാമ്പയിനുകൾക്ക് പ്രാസമൊപ്പിച്ച തലവാചകങ്ങൾ കിട്ടാത്തതും പോസ്റ്റർ ഡിസൈനിംഗ് ആകർഷകമാകാത്തതും ലഘു ലേഖകൾ സമയത്ത് എഴുതി കിട്ടാത്തതും ചുമരെഴുത്തിന് അക്ഷരങ്ങളുടെ ഫോണ്ട് നിർണയിക്കാൻ സാധിക്കാത്തതുമടക്കമുള്ള പ്രശ്നങ്ങളിലാണ് നേതാക്കളുടെ തല പുകയുന്നത്. അവർക്ക് മറ്റൊന്നിനെ കുറിച്ച് ചിന്തിക്കാൻ സമയമില്ല. ഇത്രയധികം വിഭവ വിനിയോഗം നടത്തിയിട്ടും മുസ്‌ലിം സംഘടനകളുടെ വൃത്തത്തിൽ ചെന്ന് ചേരുന്നവരാവട്ടെ നേരത്തെതന്നെ അത്യാവശ്യം ദീനും സംസ്കാരവും ഉള്ള ആളുകളും. അവരെ തന്നെ വീണ്ടും വീണ്ടും കുളിപ്പിക്കുകയല്ലാതെ, ദീനിന്റെ അംശലേശം പോലുമില്ലാത്ത അനേക ലക്ഷം നാമധാരികളെ സംസ്കരിക്കാനുള്ള എന്ത് സംവിധാനമാണ് മത സംഘടനകൾക്കുള്ളത്? മുകൾ ഭാഗത്ത് സംഘടനകൾ ഇസ്‌ലാമിനെ കത്തിച്ച് നിർത്തുമ്പോൾ അടിഭാഗത്ത് ക്രിമിനലുകളാണ് ജന്മംകൊള്ളുന്ന

തെന്ന യാഥാർഥ്യം ഇനിയും തിരിച്ചറിയാൻ സമയമായിട്ടില്ലേ?

ചില സംഘടനകളുടെ പ്രഭാഷണങ്ങളുടെയും എഴുത്തുകളുടെയും മുക്കാൽ ഭാഗവും തങ്ങളുടെ പ്രതിയോഗികളെ കൈകാര്യം ചെയ്യാനുള്ളതാണ്. മുസ്‌ലിം സമുദായത്തിന്റെ സംസ്കരണത്തിനുതകുന്ന സാരോപദേശങ്ങൾക്ക് പകരം ശത്രുതയുടെ വികാരമാണ് വാഗ്ധോരണികളായി നിർഗളിക്കുന്നത്. ഈ പടയോട്ടത്തിൽ മുസ്‌ലിം സമുദായത്തിനകത്ത് ഉറന്ന് പൊങ്ങുന്ന കുറ്റകൃത്യങ്ങൾ മൂക്കിന് മുട്ടിയിട്ടും ദുർഗന്ധമനുഭവപ്പെടാത്ത വിധം സംഘടനാ വാശി ഒരു തരം ഹരമായി മാറിയിരിക്കുന്നു. ഈ ആത്മരതിയാണ് പ്രവർത്തനങ്ങൾക്ക് പ്രചോദനമാകുന്നത്. മുസ്‌ലിം സമുദായത്തിന്റെ സംസ്കരണം മുഖ്യ ലക്ഷ്യമാക്കി വിപുലമായ കർമ പരിപാടികളാവിഷ്കരിക്കാൻ ഇനിയും സംഘടനാ നേതൃത്വങ്ങൾ രംഗത്തു വന്നില്ലെങ്കിൽ എന്തായിരിക്കും ഭാവിയെന്ന് ചിന്തിക്കാൻ വലിയ ഗവേഷണമൊന്നും ആവശ്യമില്ല. ഇസ്‌ലാമിക സമൂഹത്തിന്റെ മുഖമുദ്രയായ സവിശേഷ മൂല്യസംഹിത നഷ്ടപ്പെടുകയും അത് ജീവിത മാതൃകകളില്ലാതെ അക്ഷരങ്ങളിലും വാക്കുകളിലും അവശേഷിക്കുകയുമാണ് ചെയ്യുക. ഇസ്‌ലാമിക പ്രബോധനത്തിന്റെ മുഖ്യ മാധ്യമം ജീവിതമാണെന്നാണ് പ്രവാചകന്മാർ നമുക്ക് കാണിച്ചുതന്ന മാതൃക. ഇന്നത് പുസ്തകങ്ങളിലും കാസറ്റുകളിലുമായി ഒതുങ്ങിയിരിക്കുന്നു. മാതൃകാ ജീവിതത്തിന്റെ അസാന്നിധ്യത്തിൽ കേവലം പുസ്തകങ്ങൾക്കും പ്രഭാഷണങ്ങൾക്കും ഈ ദൗത്യം പൂർത്തീകരിക്കാൻ സാധ്യമല്ല.

## ഉൾഭാഗം തളരുന്ന സമുദായം

ചിതൽ മരത്തടികളെ തകർക്കുന്നതു പോലെ അധാർമികതയുടെ വേലിയേറ്റം സമുദായത്തിനകം കാർന്നു തിന്നുകയാണ്. മാനവ സമൂഹത്തിന്റെ മാർഗദർശനത്തിന് ഉയിർത്തെഴുന്നേൽപ്പിക്കപ്പെട്ട ഉത്തമ സമൂഹമാണല്ലോ മുസ്‌ലിംകൾ.

“ജനങ്ങൾക്ക് വേണ്ടി നിയോഗിക്കപ്പെട്ട ഉത്തമ സമുദായമാണ് നിങ്ങൾ. നിങ്ങൾ നന്മ കൽപ്പിക്കുന്നു, തിന്മ വിരോധിക്കുന്നു, അല്ലാഹുവിൽ വിശ്വസിക്കുന്നു” ( *ആലു ഇംറാൻ* 110).

എന്നാൽ എന്താണ് ഈ സമുദായത്തിന്റെ പൊതുചിത്രം? ലഹരിയും ലൈംഗിക അരാജകത്വവും സാമ്പത്തിക കുറ്റകൃത്യങ്ങളുമടക്കം ഈ സമുദായത്തിന് അർഹതയിൽ കൂടുതൽ സംവരണം കിട്ടാത്ത ഏത് മേഖലയാണ് ഇന്നുള്ളത്? ഏതു പ്രദേശത്തും യുവാക്കളിലൊരു വിഭാഗം മദ്യത്തിനും ലഹരിക്കും അടിപ്പെട്ടിരിക്കുന്നു. മദ്യം ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന ദിവസങ്ങളിൽ ഇരു പെരുന്നാളുകളും ഉൾപ്പെടുമെന്ന വാർത്ത ആർക്കും ഞെട്ടലുണ്ടാക്കുന്നില്ല. സമ്പന്നന്റെ വീട്ടിലെ ഫ്രിഡ്ജിലും പൂഴിത്തൊഴിലാളിയുടെ പുഴവക്കത്തെ മാളത്തിലും മദ്യ കുപ്പികളുടെ എണ്ണം കൂടി വരികയാണ്. ഒരു മഹല്ലിൽ നിശ്ചയിക്കപ്പെട്ട വിവാഹം വരൻ മദ്യപാനിയാണെന്നറിഞ്ഞ് വേർപിരിയാൻ തീരുമാനിച്ച മാധ്യസ്ഥ സദസ്സിൽ വധുവീട്ടുകാർ നാട്ടിലെ മത നേതൃത്വത്തോട് ചോദിച്ചു, ഇത് നിങ്ങൾക്കെല്ലാം നേരത്തെ അറിയുന്ന കാര്യമായിരുന്നിട്ടും നിങ്ങളെന്തുകൊണ്ട് ഞങ്ങളോട് പറഞ്ഞില്ല? ഇതെല്ലാം മുൻപേ പറയാൻ തീരുമാനിച്ചാൽ ഇവിടെ നല്ലൊരു ശതമാനം യുവാക്കൾക്കും കല്യാണം തന്നെ നടക്കില്ലെന്നായിരുന്നു മറുപടി. സമുദായ നേതൃത്വം സംഘടിപ്പിക്കുന്ന പ്രകടനങ്ങൾ വരെ അക്രമത്തിൽ കലാശിക്കുന്നതിന്റെ കാരണങ്ങളിലൊന്ന് മദ്യപാനമാണെന്ന വിവരം ഞെട്ടലോടെ നാം കേൾക്കുന്നു.

ലൈംഗിക അരാജകത്വവും മറ്റും ഇന്നലെ വരെ വിദൂര വാർത്തകളായിരുന്നു.

ഇന്നവ നാട്ടിലും വീട്ടിലും കാണുന്ന സംഭവങ്ങളായി മാറിയിരിക്കുന്നു. മുസ്‌ലിം വീടുകളിൽനിന്ന് ഇറങ്ങിപ്പോകുന്നവരുടെ എണ്ണം കുറവാണെങ്കിലും ക്രമേണ കൂടി വരികയാണ്. തങ്ങൾ പോറ്റിവളർത്തിയ മകൾ കാമുകനോടൊപ്പം പോവുകയാണെന്ന് കോടതിയിൽ പ്രഖ്യാപിക്കുന്നതോടെ തല കറങ്ങി വീഴുന്ന മാതാപിതാക്കളുടെ എണ്ണം കൂടി വരികയാണെന്നർഥം. ടി.വിയും ഇന്റർനെറ്റും മൊബൈൽ ഫോണുമടക്കമുള്ള സംവിധാനങ്ങൾ ഒരുപാട് സൗകര്യങ്ങൾ നൽകുന്നുണ്ടെങ്കിലും അവ സൃഷ്ടിക്കുന്ന സാംസ്കാരിക തകർച്ചയുടെ ആഴം പലരും തിരിച്ചറിയുന്നില്ല. യൂറോപ്യൻ സംസ്കാരത്തെ ആവേശത്തോടെ കാണുന്ന ക്രിസ്ത്യൻ സമൂഹം പോലും തങ്ങളുടെ ഇടവകകളിൽ ലഹരിക്കും ദൃശ്യമാധ്യമങ്ങൾക്കുമെതിരെ പ്രതിരോധം ശക്തിപ്പെടുത്താനാണ് ശ്രമിക്കുന്നത്.

ഒരു മുസ്‌ലിം മാനേജ്മെന്റ് ഹയർ സെക്കന്ററി സ്കൂളിലെ പെൺകുട്ടികളുടെ പുസ്തകം പരിശോധിച്ച അധ്യാപകർക്ക് ലഭിച്ചത് അശ്ലീല സിഡികളായിരുന്നു. ഗൾഫ് പണമടക്കമുള്ള ഭൗതിക സൗകര്യങ്ങളുടെ വളർച്ച മുസ്‌ലിം കുടുംബങ്ങളിൽ നന്മയേക്കാൾ തിന്മയാണ് വളർത്തിയത്. മംഗലാപുരത്ത് നിന്ന് തിരുവനന്തപുരത്തേക്കുള്ള ട്രെയിൻ യാത്രകൾ നിരീക്ഷിച്ചാലും പുതിയ തലമുറയുടെ ജീവിതം പച്ചയായി നമുക്ക് ദർശിക്കാം. ഈ സമുദായത്തിനകത്ത് പെറ്റുപെരുകുന്ന തിന്മകൾ തടയുന്നതിനുള്ള വഴി അന്വേഷിക്കുന്നതിനു പകരം പരസ്പര വിമർശനങ്ങളിലും ഖണ്ഡന മണ്ഡനങ്ങളിലും എല്ലാം മറന്ന് അഭിരമിക്കുകയാണ് സംഘടനകൾ.

## ശ്രദ്ധകേന്ദ്രീകരിക്കേണ്ടത് അടിത്തട്ടിലാണ്

നമ്മുടെ വീടും മഹല്ലും കേന്ദ്രീകരിച്ച് വ്യവസ്ഥാപിതമയ ചില പ്രവർത്തനങ്ങൾ നടക്കണം. അഭിപ്രായ ഭിന്നതകൾക്കിടയിലും പൊതു കാര്യങ്ങളിൽ യോജിക്കണമെന്ന അഭിപ്രായം ഈ അടുത്ത കാലങ്ങളിൽ സംഘടനാ നേതാക്കൾക്കിടയിൽ ശക്തിപ്പെട്ടിട്ടുണ്ട്. മുസ്‌ലിം സമുദായ സംസ്കരണത്തിൽ മുഖ്യ പങ്ക് വഹിക്കേണ്ട മദ്റസാ സംവിധാനം പോലും ഇന്ന് ഈ ലക്ഷ്യം നേടുന്നതിൽ വേണ്ടത്ര വിജയിച്ചിട്ടില്ല. കാരണം, മദ്റസാ പഠനത്തിലൂടെ ലഭിക്കുന്ന ഇസ്‌ലാമിക മൂല്യങ്ങൾക്ക് വീട്ടിൽ പ്രായോഗിക മാതൃകകളൊന്നും കുട്ടികൾ കാണുന്നില്ല. എന്നല്ല ഈ മൂല്യങ്ങൾക്ക് നേർ വിരുദ്ധമായ കാര്യങ്ങൾ കുട്ടികൾ കാണുകയും ചെയ്യുന്നു. ജീവിതത്തിന്റെ വലിയൊരുഭാഗം തന്റെ കൂടെ കഴിയുന്ന കുട്ടിക്ക് ശിക്ഷണം നൽകാൻ ഒന്നും ചെയ്യാത്ത മാതാപിതാക്കൾ ഒന്നര മണിക്കൂർ സമയത്തെ മതപഠനം കൊണ്ട് എല്ലാം പൂർത്തിയായെന്ന് വിശ്വസിക്കുന്നു.

ഇസ്‌ലാമിക സാമൂഹിക സംവിധാനത്തിന്റെ ഏറ്റവും ഫലപ്രദമായ യൂനിറ്റാണ് മഹല്ല്. ഇതിന് നേതൃത്വം നൽകുന്ന മത സംഘടനകൾ ഗൗരവത്തോടെ മഹല്ല് സംവിധാനത്തെ കാണുകയും ഉപയോഗപ്പെടുത്തുകയും വേണം. ഇത്തരം വേദികളെ ഉപയോഗപ്പെടുത്തി ഫലപ്രദമായ ചില കർമ പരിപാടികൾക്ക് തുടക്കം കുറിച്ചില്ലെങ്കിൽ അകം ജീർണിച്ച് പുറംഭംഗി മാത്രമുള്ള സമുദായമായി മുസ്‌ലിംകൾ മാറും. പള്ളി ഇമാമുകളെ മുഴുവൻ സംസ്കരണത്തിന് നേതൃത്വം കൊടുക്കുന്ന മുറബ്ബികളായി നിശ്ചയിക്കണം. വെള്ളിയാഴ്ച പള്ളി മിമ്പറുകളുടെ മുകളിലും താഴത്തും നടക്കുന്ന ഖുത്ബകളും പ്രഭാഷണങ്ങളും സമുദായ സംസ്കരണത്തിന് ഉപകരിക്കുന്നത് കൂടിയാകണം. വാക്കുകളെ പ്രതിയോഗികളുടെ നെഞ്ചിലേക്കുള്ള ആയുധമാക്കി പ്രയോഗിക്കുന്ന കാർക്കശ്യത്തിന്റെ രീതികൾ മാറ്റി നന്മയിലേക്ക് വിശ്വാസിയെ വഴിനടത്തുന്നതിന് പ്രചോദനമാകണം അവ. ഭൗതികതയുടെ കുത്തൊഴുക്കിൽ പിടി

ച്ചുനിൽക്കാൻ പാടുപെടുന്ന വിശ്വാസിക്ക് ഇന്ന് ലഭിക്കുന്നത് നന്മയിലേക്ക് നയിക്കേണ്ട സദുപദേശങ്ങൾക്കുപകരം കർമശാസ്ത്ര വിഷയങ്ങളുടെ മനം മടുപ്പിക്കുന്ന ആവർത്തനവും ദേശീയ അന്തർദേശീയ, ആനുകാലികങ്ങളിൽ മാത്രം കറങ്ങുന്ന സംസാരവുമാണ്. അല്ലാഹുവും പരലോക വിശ്വാസവുമാണ് വിശ്വാസിയെ ചലിപ്പിക്കുന്ന ആത്മീയ മാന്ത്രികതയുടെ മുഖ്യ ഇനമെന്ന് പലരും മറന്നിരിക്കുന്നു.

## സ്വയം ശാക്തീകരണം നടക്കണം

കേരളത്തിലെ മുസ്‌ലിം സമുദായത്തിന്റെ പിന്നാക്കാവസ്ഥ സച്ചാർ കമീഷന്റെ വെളിച്ചത്തിൽ വലിയ ചർച്ചയായതാണ്. അതിന് മുമ്പു തന്നെ ശാസ്ത്ര സാഹിത്യ പരിഷത്ത് ഇറക്കിയ കേരള പഠന റിപ്പോർട്ടിലും മറ്റു ജാതി സമുദായങ്ങളെക്കാളും താഴെയാണ് മുസ്‌ലിം സമുദായമെന്ന് വിലയിരുത്തുകയുണ്ടായി. സർക്കാർ തലത്തിൽ നടക്കേണ്ട ന്യൂനപക്ഷ ഉന്നമന യത്നങ്ങൾക്ക് വേണ്ടി സംഘടിക്കാനും ശബ്ദിക്കാനും സാധിക്കുന്നതോടൊപ്പം, സമുദായത്തിനകത്തു നിന്നുള്ള വിഭവങ്ങളെ ഉപയോഗപ്പെടുത്തി സ്വയം ശാക്തീകരണം നേടാനുള്ള ശ്രമങ്ങളും സമാന്തരമായി നടക്കേണ്ടതല്ലേ? ഉൽപതിഷ്ണു വിഭാഗങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സംഘടിത സകാത്ത് വിതരണം വേണ്ടത്ര കൂടിയാലോചനയും ആസൂത്രണവുമുണ്ടെങ്കിൽ, ചാളകളിലും ചേരികളിലും കഴിഞ്ഞുകൂടുന്ന നിരവധി മനുഷ്യരെ രക്ഷപ്പെടുത്താനുള്ള ഒരു സംവിധാനമായി അതിനെ വികസിപ്പിച്ചെടുക്കാനാവും. സംഘടനകൾ ഒന്നിച്ചിരുന്ന് പ്രോജക്ടുകൾ തയാറാക്കി അവ വീതിച്ചെടുത്ത് പൂർത്തീകരിച്ചാൽ സംഘടനകൾക്ക് കൂട്ടായ്മയിലും സ്വന്തം അസ്തിത്വം നിലനിർത്തിക്കൊണ്ടു തന്നെ സമുദായത്തിന് സേവനം ചെയ്യാൻ സാധിക്കും. നഗരങ്ങളിൽ മാത്രം ഓരോ വർഷവും 50 കോടിയിലധികം രൂപ സംഘടിത സകാത്തിലൂടെ മാത്രം ശേഖരിച്ച് വിതരണം ചെയ്യുന്നുണ്ട്. ഇതല്ലാത്ത രൂപത്തിൽ വ്യക്തികൾ ഇതിലധികം രൂപ സകാത്തിനത്തിൽ ചെലവഴിക്കുന്നു. ഇതെല്ലാം ചേർത്ത് ലക്ഷ്യബോധത്തോടെ സമുദായം നടത്തുന്ന സാമ്പത്തിക സഹായങ്ങളെ ക്രമീകരിക്കുകയാണെങ്കിൽ ഒരു നിശ്ചിത കാലം കൊണ്ട് വലിയ മാറ്റം ഉണ്ടാക്കാൻ സാധിക്കും. സ്വന്തം ശേഷി പോലും ഫലപ്രദമായി വിനിയോഗിക്കാൻ ആലോചന നടത്താത്തവർക്ക്, നരേന്ദ്രനും സച്ചാറും പാലോളിയും അവസാനം മിശ്രാ കമീഷനും അടക്കം ആകാശത്ത് നിന്ന് തേൻമഴ ഇറങ്ങുമെന്ന് പ്രതീക്ഷിക്കുകയല്ലാതെ ഇന്നത്തെ സാഹചര്യത്തിൽ മറ്റൊന്നും പ്രതീക്ഷിക്കാനാവില്ല.

നിലവിലുള്ള സർക്കാർ സഹായങ്ങൾ തന്നെ അർഹരായവർക്ക് ലഭ്യമാക്കാൻ യാതൊരു സംവിധാനവും സമുദായം ചെയ്തിട്ടില്ല. മറ്റു സമുദായങ്ങൾ അവകാശ സമരത്തോടൊപ്പം, ലഭിച്ച അവകാശങ്ങൾ കൃത്യമായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ലഭിച്ച സർക്കാർ സഹായങ്ങളുടെ ഇരുപത്തിയഞ്ച് ശതമാനം പോലും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഓരോ വർഷവും വിവിധയിനത്തിൽ പ്രഖ്യാപിക്കപ്പെടുന്ന സർക്കാർ സഹായങ്ങളുടെ കണക്ക് പരിശോധിച്ചാൽ ഇത് വ്യക്തമാവും. ഫിഷറീസ് വകുപ്പ് മാത്രം മുമ്പിൽ വെച്ച് ഒരു ചെറിയ പഠനം നടത്തിയപ്പോൾ ഈയുള്ളവന് ഇത് ബോധ്യപ്പെട്ടതാണ്. ഇത്രയൊന്നും സംഘടിത സ്വഭാവമില്ലാത്ത ജാതി സമുദായങ്ങൾ പോലും ഈ വിഷയത്തിൽ മുന്നിലാണ്. സംഘടനകൾക്കും മഹല്ലുകൾക്കും നടപ്പാക്കാൻ പറ്റുന്ന ഇത്തരം സേവന പ്രവർത്തനങ്ങൾ അവരുടെ ശ്രദ്ധയിലേ വരുന്നില്ല. സ്വന്തം മഹല്ലിലെ മനുഷ്യശേഷി വികസിപ്പിക്കാനുള്ള യാതൊരു പ്രവർത്തനവും നടക്കുന്നില്ല. റിസോഴ്സ് ഡവലപ്മെന്റ് സമുദായം

തീർത്തും അവഗണിച്ച വിഷയമാണ്. വിവരവും യോഗ്യതയുമുള്ള എന്നാൽ സംഘടനാ വൃത്തത്തിൽ പെടാത്ത ആളുകളെ ഉപയോഗപ്പെടുത്താൻ ഒട്ടും താൽപര്യമില്ല. അതുവഴി നല്ലൊരു ശതമാനം യോഗ്യരുടെ സേവനം സമുദായത്തിന് ലഭിക്കാതെ പോകുന്നു. ആഭ്യന്തര ശേഷി വർധിപ്പിച്ച് സ്വയം ശാക്തീകരണത്തിന് ശ്രമിക്കാത്ത ഒരു ജനത, അവകാശങ്ങൾ മറ്റാരെങ്കിലും തളികയിൽ വെച്ചുതരുമെന്ന് പ്രതീക്ഷിക്കുകയല്ലാതെ മറ്റെന്ത് ചെയ്യാനാണ്!

## പൊതുസമൂഹത്തിന്റെ വെല്ലുവിളികൾ

സമുദായത്തിന്റെ അകം വർത്തമാനങ്ങൾ ഇതാണെങ്കിൽ പൊതുസമൂഹത്തിൽ പുതിയ വെല്ലുവിളികളും പ്രതിസന്ധികളുമാണ് സമീപ കാലത്ത് രൂപപ്പെട്ടിരിക്കുന്നത്. തീവ്രവാദ പ്രചാരണങ്ങളുടെ ശക്തി വർധിച്ചിരിക്കുന്നു. സ്വന്തം സാംസ്കാരിക ചിഹ്നങ്ങൾ പോലും ഇതര സമൂഹങ്ങൾ ഭയത്തോടെ വീക്ഷിക്കുന്ന അവസ്ഥയാണുള്ളത്. സമുദായത്തെ അപരവൽക്കരിക്കാൻ ഒരുപറ്റം മാധ്യമങ്ങളും നിയമ പാലകരും നിയമജ്ഞരും രാഷ്ട്രീയ നേതാക്കളുമെല്ലാം ഇറങ്ങിയിരിക്കുന്നു. ഈ സാഹചര്യത്തെ എങ്ങനെ അഭിമുഖീകരിക്കും എന്നതിനെ കുറിച്ചു പോലും ഗൗരവതരമായ ആലോചനകൾ നടക്കുന്നില്ല. കേരളീയ സാമൂഹിക, സാംസ്കാരിക വളർച്ചയിൽ അളവറ്റ സംഭാവനകൾ അർപ്പിച്ച ഒരു സമുദായം അന്യവൽക്കരിക്കപ്പെടുന്ന അവസ്ഥയെ പൊതു കൂട്ടായ്മയിലൂടെ അതിജയിക്കാൻ സമുദായത്തിന് സാധിക്കണം. ലൗ ജിഹാദും തടിയന്റവിട നസീറും സൂഫിയാ മഅ്ദനിയുമെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളാണെങ്കിലും, ഇതെല്ലാം ചേർത്തു വെച്ച വായനകൾ പൊതുസമൂഹത്തിൽ നടക്കുകയും ഇത്തരം ഒരു സാഹചര്യം ബോധപൂർവം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തെ ശരിയായി വിലയിരുത്താൻ പോലും സംഘടനാ പക്ഷപാതിത്വം തലക്കു പിടിച്ച സംഘടനകൾക്ക് കഴിയുന്നില്ല. സ്വന്തം സമുദായത്തിൽ പ്രതികളെ സൃഷ്ടിച്ച് അവരെ മറ്റുള്ളവർക്ക് ചൂണ്ടിക്കാണിച്ച് കൊടുക്കുന്നതിലാണ് സംഘടനകൾ ഊറ്റം കൊള്ളുന്നത്. ഈ ആരോപണങ്ങൾക്ക് പിന്നിലുള്ള സാമൂഹിക താൽപര്യങ്ങളും ദേശീയ ഫാഷിസ്റ്റ് ഗൂഢാലോചനകളും കണ്ടെത്തുന്നതിൽ നേതാക്കൾക്ക് ഒട്ടും താൽപര്യമില്ല.

തൊണ്ണൂറുകൾക്ക് ശേഷമുള്ള ദേശീയ സാഹചര്യത്തെ യാഥാർഥ്യബോധത്തോടെ അഭിമുഖീകരിക്കാൻ മുസ്‌ലിം ഉമ്മത്തിന് സാധിക്കാത്തതിന്റെ പാർശ്വ ഫലങ്ങൾ കൂടിയാണ് ഇന്നത്തെ സാഹചര്യങ്ങളെന്നത് വിസ്മരിക്കാൻ പാടില്ല. പ്രശ്നങ്ങളെ തീവ്രമായി അവതരിപ്പിക്കുകയും അതേസമയം പ്രായോഗിക പരിഹാരങ്ങളും ദിശാബോധവുമാഗ്രഹിക്കുന്ന സമുദായത്തിന് അത് നൽകാതിരിക്കുകയും ചെയ്താൽ സൃഷ്ടിക്കപ്പെടുന്നത് അരക്ഷിതാവസ്ഥയായിരിക്കും. അതിനിടയിൽ ഓരോ കക്ഷിയും സ്വന്തം ഇജ്തിഹാദുമായി ഇറങ്ങിയാൽ രംഗം കൂടുതൽ വഷളാവുകയും ചെയ്യും. സാഹചര്യങ്ങൾ അരക്ഷിതാവസ്ഥയിലേക്ക് വഴിമാറിപ്പോകാതെ, ആരോപണങ്ങൾക്ക് മുമ്പിൽ കീഴടങ്ങാതെ സ്വന്തം വഴിയിലൂടെ ധീരമായി മുന്നോട്ടു പോകാൻ കഴിയണം. ഓരോ ഘട്ടത്തിലും രൂപപ്പെടുന്ന സാഹചര്യങ്ങളെ മറികടക്കാനുള്ള കരുത്തും ആത്മവിശ്വാസവും പകരാൻ മുസ്‌ലിം നേതൃത്വത്തിനു ബാധ്യതയുണ്ട്. ദിശ നിർണയിക്കുന്നേടത്ത് സമുദായ നേതൃത്വം കാണിക്കുന്ന അശ്രദ്ധയാണ് സമുദായം വഴിമാറി നടക്കുന്നതിന്റെ പ്രധാന കാരണം. സംഘടനകൾ തന്നെ സമുദായത്തിനകത്ത് തീവ്രവാദികളെ കണ്ടെത്തി അവതരിപ്പിക്കാൻ ആവേശം കാണിക്കുമ്പോൾ, ഈ ഗൂഢാലോചനയുടെ നിർമാതാക്കൾ രക്ഷപ്പെടുകയാണ് ചെയ്യുന്നതെന്ന സാമാന്യബോധം പോലും മുസ്‌ലിം സംഘടനാ നേതൃത്വത്തിന് ഇല്ലാതെ പോവുകയാണ്. മുസ്‌ലിം

സംഘടനകൾ തന്നെ നടു റോഡിൽ സമ്മേളനം സംഘടിപ്പിച്ച് പ്രതിയോഗികൾ ഉന്നയിക്കുന്ന അതേ ആരോപണം തങ്ങളുടെ കൂട്ടത്തിലെ മറ്റൊരു സംഘടനക്കെതിരെ ഉന്നയിക്കുമ്പോൾ അതുണ്ടാക്കുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെക്കുറിച്ച് അൽപം പോലും ചിന്തിക്കാത്തതെന്ത്? ഇത്തരം ആരോപണങ്ങൾ എല്ലാവരെ കുറിച്ചും എല്ലാവരും ഉന്നയിക്കാൻ തുടങ്ങിയാൽ ഫാഷിസ്റ്റ് ആരോപണങ്ങൾ ശരിയാണെന്ന നിഗമനത്തിലെത്തും പൊതുസമൂഹം. ഇത് അവരുടെ ഉപകരണങ്ങളായി വർത്തിക്കുന്ന ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾക്കും വഴി എളുപ്പമാക്കി കൊടുക്കും. ഇത്തരം വിഷയങ്ങൾ ആലോചിക്കാൻ സംഘടനാ നേതൃത്വങ്ങൾ ഇനിയും ഒട്ടും വൈകാൻ പാടില്ലാത്തതാണ്. ■